**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2709** **04-03-2025 - ൽ മറുപടിയ്ക്ക്**

**വള്ളങ്ങളിലെയും ഹൗസ് ബോട്ടുകളിലെയും മാലിന്യ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ശിക്കാര വള്ളങ്ങൾക്കും ഹൗസ് ബോട്ടുകൾക്കും മാലിന്യ സംസ്കരണം സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; | (എ) | ഹൗസ് ബോട്ടുകളിൽ നിയമം അനുശാസിക്കുന്ന പോലെ പൊല്യൂഷൻ കൺട്രോൾ ഉപകരണങ്ങൾ വെസ്സലുകളിൽ ഘടിപ്പിച്ചിട്ടുണ്ട് എന്നുള്ളത് സർവേ സമയത്ത് സർവേയർമാർ ഉറപ്പ് വരുത്താറുണ്ട്. മാരിടൈം ബോർഡിലെ എൻഫോഴ്സ്മെന്റ് ഓഫീസർമാർ ഹൗസ് ബോട്ടുകളുടെ ഓപ്പറേഷൻ സമയത്ത് ഇവ പ്രവർത്തിക്കുന്നുണ്ട് എന്നുറപ്പാക്കാൻ പരിശോധന നടത്തുന്നു. ഹൗസ് ബോട്ടിൽ ഉണ്ടാകുന്ന മാലിന്യം കൃത്യമായും ശാസ്ത്രീയമായും നിശ്ചിത ഇടവേളകളിൽ ഡിസ്പോസ് ചെയ്യുന്നുണ്ട് എന്നുറപ്പിക്കാൻ പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റ് നൽകണം. ഇതുണ്ടെങ്കിൽ മാത്രമേ ഇവയുടെ സർവേ നടപടികൾ നടത്തുകയുള്ളൂ. |
| (ബി) | എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് നിരന്തര പരിശോധനകൾ നടത്താറുണ്ടോ; വിശദമാക്കുമോ; | (ബി) | കേരള സംസ്ഥാനത്ത് നിലവിൽ മലിനീകരണ നിയന്ത്രണസർട്ടിഫിക്കറ്റ് നൽകുന്നതിന് ചുമതലയുള്ളത് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനാണ്. പ്രസ്തുത സ്ഥാപനം നൽകുന്ന മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റിന്റെ സാധുതകൂടി പരിശോധിച്ചാണ് ജലവാഹനങ്ങളുടെ വാർഷികസർവ്വേ, രജിസ്ട്രേഷൻ എന്നീ സർട്ടിഫിക്കറ്റുകൾ പുതുക്കി നൽകുന്നത്. കൂടാതെ സാധുതയുള്ള മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ബോട്ടുകളിൽ സൂക്ഷിക്കുന്നുണ്ടോ എന്ന് ഇൻസ്പെക്ഷൻ നടത്തുന്ന സമയത്ത് പരിശോധിക്കുന്നുണ്ട്. പൊല്യൂഷൻ കൺട്രോൾ ബോർഡ് സർട്ടിഫിക്കറ്റില്ലാത്ത യാനങ്ങൾക്ക് IV നിയമ പ്രകാരമുള്ള പിഴ ചുമത്തുന്നുമുണ്ട്.<br><br>കൂടാതെ, വേമ്പനാട് കായൽ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ബഹു. ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച പോർട്ട്, ആലപ്പുഴ നഗരസഭ, ടൂറിസം വകുപ്പ്, ആലപ്പുഴ ഡിടിപിസി, പോലീസ് എന്നീ ഡിപ്പാർട്ട്മെന്റുകളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന |

| | | | |
|---|---|---|---|
| | | | ജില്ലാതല സ്ക്വാഡിന്റെ നേതൃത്വത്തിൽ ആലപ്പുഴ പുന്നമട ഫിനിഷിംഗ് പോയിന്റിൽ ഹൗസ് ബോട്ടുകളിൽ പരിശോധന നടത്തി വരുന്നുണ്ട്. ഈ പരിശോധനകളിൽ ബോട്ടുകളിലെ ശുചിത്വനിലവാരം, മാലിന്യങ്ങൾ തരംതിരിഞ്ഞ് ശേഖരിക്കുന്നതിനുള്ള മാലിന്യ സംസ്കരണ രീതി നിരോധിച്ചതും ഒറ്റത്തവണ ഉപയോഗിക്കുന്നതുമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം, ദ്രവമാലിന്യങ്ങളുടെ സംസ്കരണം തുടങ്ങിയവ പ്രധാനമായും പരിശോധിച്ചുവരുന്നുണ്ട്. ഹൗസ് ബോട്ടുകളിൽ ഉണ്ടായിരുന്ന ജീവനക്കാർ / ഉടമകൾക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബോധവത്കരണം നടത്തുകയും ബോട്ടുടമകൾക്കും ജീവനക്കാർക്കും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |
| (സി) | ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാത്ത ഹൗസ് ബോട്ടുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള നിലവിലെ സംവിധാനങ്ങളെക്കുറിച്ച് വിശദമാക്കുമോ? | (സി) | യന്ത്രവത്കൃത ഉൾനാടൻ ജലയാനങ്ങൾ സർവീസ് നടത്തുന്നതിന് ഇൻലാൻഡ് വെസൽ ആക്ട് 2021, ചാപ്റ്റർ IX, സെക്ഷൻ 53 (4) പ്രകാരം സാധുതയുള്ള മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ് ആവശ്യമാണ്. മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നതായി പരിശോധനകളിൽ കണ്ടെത്തുന്ന യന്ത്രവത്കൃത ഉൾനാടൻ ജലയാനങ്ങൾക്ക് ഇൻലാൻഡ് വെസൽ ആക്ട് 2021, ചാപ്റ്റർ XVI സെക്ഷൻ 87 (2) പ്രകാരം ₹25,000/- പിഴയാണ് നിലവിൽ ചുമത്തുന്നത്. കൂടാതെ ഗുരുതരമായ ചട്ടലംഘനം നടത്തുന്നതായി കണ്ടെത്തുന്ന വെസലുകൾ കേരളാ മാരിടൈം ബോർഡിന്റെ കീഴിലുള്ള ഡിറ്റൻഷൻ യാർഡിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും. നിലവിലെ നിയമപ്രകാരമുള്ള പിഴകൾ ഈടാക്കുകയും, നിയമാനുസൃതമായ നടപടികൾ പൂർത്തിയാക്കിയശേഷം ഇത്തരം യാനങ്ങൾ ഡിറ്റൻഷൻ യാർഡിൽ നിന്ന് വിട്ടുനൽകുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ